"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - ആട്ടോകാസ്റ്റ് ലിമിറ്റഡ് - ഓഫീസർ വിഭാഗത്തിലുള്ള ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിച്ച് -ഉത്തരവാകുന്നു.

---

**വ്യവസായ(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.245/2026/ID തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:- 1. 09-03-2019-ലെ സ.ഉ.(സാധാ)നം. 249/2019/വ്യവ

2. ആട്ടോകാസ്റ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 02/01/2025-ലെ എ.കെ.എൽ/പി.ഇ.ആർ/16എ/517 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആട്ടോകാസ്റ്റ് ലിമിറ്റഡിലെ ഓഫീസർമാരുടെ ശമ്പള പരിഷ്കരണം 01/04/2014 മുൻകാല പ്രാബല്യത്തിൽ നടപ്പിലാക്കുന്നതിന് കമ്പനി മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. ആട്ടോകാസ്റ്റ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിലുള്ള ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിന് കാലതാമസം ഉണ്ടാവുകയും കമ്പനിയുടെ നിലവിലെ സാഹചര്യത്തിൽ ശമ്പളപരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയമെടുക്കുമെന്ന സാഹചര്യവും നിലനിൽക്കുന്നുണ്ട്. കൂടാതെ പരാമർശം (1) ഉത്തരവ് പ്രകാരം ശമ്പളപരിഷ്കരണത്തിന് മുന്നോടിയായി ആട്ടോകാസ്റ്റ് ലിമിറ്റഡിലെ തൊഴിലാളികൾക്ക് അനുവദിച്ചിരുന്ന ആനുകൂല്യം ഓഫീസർ വിഭാഗം ജീവനക്കാർക്ക് നൽകിയിട്ടില്ലാത്തതുമാണ്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശമ്പളപരിഷ്കരണം വളരെ കാലമായി നടപ്പിലാക്കാത്ത സ്ഥാപനം എന്ന നിലയിലും, സ്ഥാപനത്തിലെ ഒരു വിഭാഗം ജീവനക്കാർക്ക് ആനുകൂല്യം അനുവദിച്ചുവെന്ന വസ്തുതയും നിലവിലെ സാഹചര്യത്തിൽ ശമ്പളപരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയമെടുക്കുമെന്ന വസ്തുതയും പരിഗണിച്ചുകൊണ്ട്, ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ തിരികെ പിടിക്കും എന്ന വ്യവസ്ഥയിൽ ആട്ടോകാസ്റ്റ് ലിമിറ്റിഡിലെ ഓഫീസർ കാറ്റഗറിയിലുള്ള ജീവനക്കാർക്ക് 2026 മാർച്ച് മാസം മുതൽ പ്രതിമാസം 2000 രൂപ (രണ്ടായിരം രൂപ മാത്രം) ഇടക്കാലാശ്വാസം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ആട്ടോകാസ്റ്റ് ലിമിറ്റഡ്,എസ് എൻ പുരം,ചേർത്തല

ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് (ആട്ടോകാസ്റ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ചെയർമാൻ/മെമ്പർ സെക്രട്ടറി, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ, ശാസ്തമംഗലം,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ് II), കേരളം , തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആൻഡ് ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vinitha V R
Date: 07-03-2026 11:57:02

സെക്ഷൻ ഓഫീസർ